# നീര ബോർഡും ടോഡി ബോർഡും രൂപീകരിക്കും

## ● കൃഷി–എക്സൈസ് തർക്കം തീർന്നു

തിരുവനന്തപുരം: നീര ഉൽപാദനവുമായി ബന്ധപ്പെട്ടു കൃഷി-എക്സൈസ് വകുപ്പുകളുടെ തർക്കം മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ മന്ത്രിതലയോഗത്തിൽ തീർപ്പായി. കാർഷികോൽപാദന കമ്മിഷണർ ചെയർമാനായി കോക്കനട്ട് നീര ഡെവലപ്മെന്റ് ബോർഡ്, നികുതി സെക്രട്ടറി ചെയർമാനും എക്സൈസ് കമ്മിഷണർ സി.ഇ.ഒയുമായി ടോഡി ബോർഡ് എന്നിവ രൂപീകരിക്കുമെന്ന് എക്സൈസ് മന്ത്രി കെ. ബാബുവും കൃഷിമന്ത്രി കെ.പി. മോഹനനും പത്രസമ്മേളനത്തിൽ അറിയിച്ചു.

കള്ളുവ്യവസായം പ്രോത്സാഹിപ്പിക്കാൻ രൂപീകരിച്ച ടോഡി ബോർഡിൽ അനൗദ്യോഗിക അംഗങ്ങളുണ്ടാകില്ല. പ്രവർത്തനച്ചെലവായി ഒരുകോടി രൂപ അനുവദിച്ചു. 173 സംഘങ്ങൾക്കു നീര ഉൽപാദിപ്പിക്കാൻ ലൈസൻസ് നൽകി. 362 സംഘങ്ങൾ അപേക്ഷിച്ചിരുന്നു. ബാക്കി അപേക്ഷകളിൽ പരിശോധിച്ചു തീരുമാനമെടുക്കും. കഴിഞ്ഞ ബജറ്റിൽ അനുവദിച്ച 30 കോടി രൂപയിൽ 12 കോടി കോക്കനട്ട് നീര ഡെവലപ്മെന്റ് ബോർഡ്, കാർഷിക സർവകലാശാല നാളികേര വികസന കോർപറേഷൻ എന്നിവയ്ക്കു നൽകുമെന്നു മന്ത്രി മോഹനൻ പറഞ്ഞു. നീരയ്ക്കു പുറമേ വിനാഗിരിക്കും അനുബന്ധ ഉൽപന്നങ്ങൾക്കും വിദേശവിപണി കണ്ടെത്തും.

എക്സൈസ്, കൃഷി മന്ത്രിമാർ തമ്മിൽ നീരയുടെ പേരിൽ തർക്കമുണ്ടായിരുന്നെന്ന റിപ്പോർട്ടുകൾ ഇരുവരും നിഷേധിച്ചു. അപേക്ഷ കുറവായതിനാൽ കഴിഞ്ഞവർഷം ബജറ്റിലുണ്ടായിരുന്ന 15 കോടി രൂപയിൽ 3.10 കോടിയേ കൊടുക്കാൻ കഴിഞ്ഞുള്ളൂവെന്നു കൃഷിമന്ത്രി പറഞ്ഞു. യോഗത്തിൽ ചീഫ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, കാർഷികോൽപാദന/ എക്സൈസ് കമ്മിഷണർമാർ എന്നിവരും പങ്കെടുത്തു.